## റഫറൽ നടപടിക്രമം

കൗണ്ടി ഡിസ്ട്രിക്റ്റ് അറ്റോർണി (ഡി.എ.)-യുടെ ഓഫീസ് ഓരോ കേസും വ്യക്തിഗതമായി വിലയിരുത്തുകയും പ്രോസിക്യൂട്ടോറിയല് വിവേചനാധികാരം അടിസ്ഥാനമാക്കിക്കൊണ്ട് ഒരു ശുപാർശ നൽകുകയും ചെയ്യും. പ്രതിഭാഗം അഭിഭാഷകർ സമർപ്പിച്ച എല്ലാ അപേക്ഷകളും ഡി.എ. അവലോകനം ചെയ്യുന്നു. അടുത്തതായി, നിയമപരമായ യോഗ്യതാ മാനദണ്ഡങ്ങൾ വ്യക്തി പാലിക്കുന്നുണ്ടെങ്കിൽ ഡി.എ. ഡിഫൻസ് അറ്റോർണിയെയും ഡി.ഡബ്ല്യൂ.ഐ. കോർട്ട് ഓഫീസറെയും അറിയിക്കുന്നു. വ്യക്തിക്ക് നൽകേണ്ട ചികിത്സയുടെ ആവശ്യകതയും പ്രോഗ്രാമിൽ പങ്കെടുക്കാനുള്ള വ്യക്തിയുടെ സന്നദ്ധതയും കണക്കാക്കുന്നതിന് യോഗ്യരായ പ്രതികളെ ഡി.ഡബ്ല്യൂ.ഐ കോർട്ട് ഓഫീസറുമൊത്ത് ക്ലിനിക്കൽ വിലയിരുത്തൽ/ സ്ക്രീനിംഗ് നടത്തും.

ഒരു കക്ഷി ഡി.ഡബ്ല്യൂ.ഐ. കോർട്ട് പ്രോഗ്രാമിൽ പങ്കെടുക്കാൻ സമ്മതിച്ചുകഴിഞ്ഞാൽ, ശിക്ഷ വിധിക്കുന്നതിനായി കേസ് അടുത്ത ഡി.ഡബ്ല്യൂ.ഐ കോർട്ട് ഡോക്കറ്റിനായി സജ്ജമാകും. ആ സമയം, കക്ഷി ജഡ്ജിയുടെ മുമ്പാകെ ഹാജരാകുന്ന മുറയ്ക്ക് പ്രോഗ്രാമിലേക്ക് സ്വീകരിക്കപ്പെടുകയും ടി കക്ഷിയുടെ നിയമോപദേശം ഡി.ഡബ്ല്യൂ.ഐ കോടതിയുടെ അറ്റോർണി (പ്രതിരോധ അഭിഭാഷകന്)-യിലേക്ക് മാറ്റുകയും ചെയ്യുന്നു. മയക്കുമരുന്ന് കടത്ത്, ലൈംഗിക കുറ്റകൃത്യങ്ങൾ, അല്ലെങ്കിൽ ഹിംസാത്മകമായ/ ആക്രമണസ്വഭാവമുള്ള കുറ്റകൃത്യങ്ങൾ എന്നിവയ്ക്കെതിരെ എപ്പോഴെങ്കിലും കുറ്റം ചുമത്തപ്പെടുകയോ ശിക്ഷിക്കപ്പെടുകയോ ചെയ്തിട്ടുണ്ടെങ്കിൽ അപരാധികൾക്ക് ഈ അർഹത ലഭിക്കുകയില്ല. കൂടാതെ, ഒരു അപരാധിക്ക് പ്രോഗ്രാമില് പങ്കാളിത്തം ഉണ്ടാകുന്നത് തടയാൻ പ്രാപ്തമായ രീതിയില് സാരമായ മാനസികാരോഗ്യ പ്രശ്നം ഉണ്ടാകരുത്.

യോഗ്യരായ അപരാധികൾക്ക് കുറഞ്ഞത് പതിനേഴ് (17) വയസ്സ് പ്രായവും മാറ്റത്തിനുള്ള മനസ്സും ഉണ്ടായിരിക്കണം. ഒപ്പം, തുടർന്നുള്ള ഡി.ഡബ്ല്യൂ.ഐ ടിയാളെ കുറ്റവാളിയാണെന്ന് വിധിക്കുകയോ അല്ലെങ്കിൽ ശരിയായ സ്ക്രീനിംഗ് നടത്തിയ ശേഷം ടിയാള് ആദ്യമായി ഡി.ഡബ്ല്യൂ.ഐ ചാർജ്ജ് ചെയ്യപ്പെട്ട് പ്രോഗ്രാമിലേക്ക് യോഗ്യത നേടുകയോ ചെയ്തിരിണം. ലഹരിവസ്തുക്കളുടെ ദുരുപയോഗം തിരിച്ചറിഞ്ഞാൽ മറ്റുള്ളവരെ മറ്റ് ചാർജുകള് ചുമത്തി പ്രവേശിപ്പിക്കാം. ഡി.ഡബ്ല്യൂ.ഐ കോടതിയുടെ പ്രോഗ്രാമിലേക്ക് പ്രവേശിപ്പിക്കപ്പെടുന്ന അപരാധികളെ നിലവിലെ കമ്മ്യൂണിറ്റി മേൽനോട്ട കാലാവധി പരിഷ്കരിച്ചുകൊണ്ട് അല്ലെങ്കിൽ കോടതികളിൽ നിന്നുള്ള പ്രാരംഭ പ്ലെയ്സ്മെന്റ് വഴി പ്രവേശിപ്പിക്കാം.

അപരാധികൾ സജീവമായും സ്വമനസ്സാലെയും പങ്കെടുക്കാൻ തയ്യാറാകുകയും പ്രോഗ്രാം ഹാജർ ആവശ്യകതകൾ നിറവേറ്റുകയും വേണം.

## ഡി.ഡബ്ല്യൂ.ഐ കോടതികൾ ജീവൻ രക്ഷിക്കുന്നു

ആവർത്തന വൈകല്യമുള്ള ഡ്രൈവർമാർക്ക് അവരുടെ ജീവൻ-രക്ഷാ ചികിത്സ ലഭിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുമ്പോൾതന്നെ സ്വന്തം കുറ്റങ്ങളുടെ ഉത്തരവാദിത്തം സ്വയം ഏറ്റെടുപ്പിക്കുന്ന ഏറ്റവും വിജയകരമായ തന്ത്രമാണ് ഡി.ഡബ്ല്യൂ.ഐ കോടതികൾ..

- ഡി.ഡബ്ല്യൂ.ഐ കോടതിയില് പങ്കെടുക്കുന്നവരെ കോടതി ചെലവ് / പിഴ എന്നിവയ്ക്ക് കണക്കാക്കില്ല.
- ഡി.ഡബ്ല്യൂ.ഐ കോടതിയില് പങ്കെടുക്കുന്നവർക്ക് കമ്മ്യൂണിറ്റി സർവ്വീസ് പൂർവ്വസ്ഥിതിപാലനം പൂർത്തിയാക്കാൻ ആദ്യമേ കോടതി ഉത്തരവിടുകയില്ല.
- ഡി.ഡബ്ല്യൂ.ഐ കോടതിയില് പങ്കെടുക്കുന്നവര് പ്രതിമാസം $60 സൂപ്പർവിഷന് ഫീസ് നൽകേണ്ടതാണ്.
- ഡി.ഡബ്ല്യൂ.ഐ കോടതിയില് പങ്കെടുക്കുന്നവർക്ക് തങ്ങളുടെ ഡ്രൈവിംഗ് ലൈസൻസ് പുനഃസ്ഥാപിക്കുന്നതിന് ആവശ്യമായ സഹായം ലഭിക്കുന്നതാണ്
- ഡി.ഡബ്ല്യൂ.ഐ കോടതിയില് പങ്കെടുക്കുന്നവർക്ക് കിഴിവോടെ ഇന്റർലോക്ക് ഉപകരണം സ്ഥാപിച്ചുകൊടുക്കുന്നതാണ്.

ബെനിറ്റ അവേരി, സിസിഭ II
ഡി.ഡബ്ല്യൂ.ഐ കോർട്ട് കോർഡിനേറ്റർ
4520 റീഡിംഗ് റോഡ്, സ്റ്റീ ബി
റോസെൻബർഗ്, TX 77471
281-633-7205
281-341-6034 (fax)
Benita.Avery@fortbendcountytx.gov

ബഹുമാനപ്പെട്ട ജഡ്ജ്
ഷെർമാൻ ഹട്ടൺ, ജൂനിയര്.

കൗണ്ടി കോടതി
ലോ നമ്പർ 6.

---

# ഫോർട്ട് വെൻഡ്
## കൗണ്ടി
## ജീവിതങ്ങള് മാറ്റുകയും സംരക്ഷിക്കുകയും ചെയ്യുന്നു

ഡി.ഡബ്ല്യൂ.ഐ **കോടതി**

## ഡി.ഡബ്ല്യൂ.ഐ കോടതി എന്നാലെന്താണ്?

ഡി.ഡബ്ല്യൂ.ഐ കോർട്ട് പ്രോഗ്രാം സമഗ്രമായ, പന്ത്രണ്ട് (12) മുതൽ ഇരുപത്തിനാല് (24) മാസം വരെയുള്ള ഒരു പ്രോഗ്രാം ആണ്, ആവശ്യാനുസരണം അത് വിപുലീകരിക്കാവുന്നതും ഓരോ കേസുമനുസരിച്ച് അവലോകനം ചെയ്യപ്പെടുന്നതുമാണ്. ഡി.ഡബ്ല്യൂ.ഐ കോർട്ട് പ്രോഗ്രാമിൽ പറഞ്ഞിരിക്കുന്ന ലക്ഷ്യങ്ങൾ കമ്മ്യൂണിറ്റി പരിരക്ഷ, കുറ്റകൃത്യങ്ങള് ചെയ്യാനുള്ള സഹജവാസന കുറയ്ക്കുക, നികുതിദായകരുടെ പണം ലാഭിക്കുക, വ്യക്തിഗത ചികിത്സയിലൂടെ അപരാധിക്ക് മദ്യ, ലഹരി വിമുക്ത ജീവിത രീതി നിലനിർത്തൽ, വിദ്യാഭ്യാസം, സതീർത്ഥ്യരുടെ പിന്തുണ, തീവ്ര മേൽനോട്ടം, പങ്കെടുക്കുന്നവരുടെ ചിന്തയും പെരുമാറ്റവും മാറ്റുക എന്നിവയില് മാത്രമായി ഒതുങ്ങുന്നതല്ല,

പങ്കെടുക്കുന്നവരുടെ കുറ്റകൃത്യങ്ങള് ചെയ്യാനുള്ള സഹജവാസന കുറയ്ക്കുന്നതിലൂടെ സമൂഹത്തെ സംരക്ഷിക്കുകയും, കുറ്റവാളികളുടെ പെരുമാറ്റ പരിഷ്കരണത്തിലൂടെ അവരുടെ ജീവൻ രക്ഷിക്കുകയും, അതോടൊപ്പം അവരുടെ വ്യക്തിപരമായ പ്രശ്നങ്ങൾക്കും ക്രിമിനൽ പെരുമാറ്റത്തിനും സ്വയം ഉത്തരവാദിത്തം ഏറ്റെടുക്കാൻ അവരെ നിർബന്ധിതരാക്കിക്കൊണ്ട്, ആസക്തിയുടെ ചക്രത്തെ തകർക്കുക എന്നതാണ് ഫോർട്ട് ബെൻഡ് കൗണ്ടി ഡി.ഡബ്ല്യൂ.ഐ കോടതിയുടെ ദൗത്യം.

<u>പ്രോഗ്രാം</u>

ഡി.ഡബ്ല്യൂ.ഐ കോടതിയ്ക്ക് രണ്ട് തട്ടുകളാണുള്ളത്.

തട്ട് I: പ്രീ-ട്രയൽ വഴിതിരിച്ചുവിടൽ (വിജയകരമായി പൂർത്തിയാക്കിയാൽ പിരിച്ചുവിടാൻ അർഹത നേടും)

തട്ട് II: കുറ്റവിധിയ്ക്ക് ശേഷം

ഇതിന് (3) ഘട്ടങ്ങളുണ്ട്:

**ഘട്ടം ഒന്ന്:**

- ഇന്റർലോക്ക് ഉപകരണം ആവശ്യമാണ് (കിഴിവ് ലഭിക്കും)
- ഉചിതമായ ചികിത്സാ ദാതാവിലൂടെ പങ്കെടുക്കുന്നയാൾക്ക് ചികിത്സ ലഭിക്കുന്നു
- ക്രമരഹിത യൂറിനാലിസിസ് ടെസ്റ്റുകൾക്ക് വിധേയമാകണം
- ഡി.ഡബ്ല്യൂ.ഐ കോടതിയില് മാസത്തില് രണ്ടു തവണ ഹാജരാകണം

**ഘട്ടം രണ്ട്:**

- പങ്കാളി ഇന്റർലോക്ക് നീക്കംചെയ്യുന്നതിന് അർഹനാകുന്നു
- ക്രമരഹിത ഡ്രഗ്/ആൽക്കഹോള് പരിശോധന തുടരും
- ചികിത്സയും കൗൺസിലിംഗും തുടരും
- കോടതിയില് ഹാജരാകുന്നത് മാസത്തില് രണ്ട് തവണ എന്നത് തുടരും.

**ഘട്ടം മൂന്ന്:**

- പങ്കെടുക്കുന്നവര് ആഫ്റ്റർകെയറിന് ഹാജരാകും
- ക്രമരഹിത ഡ്രഗ് /ആൽക്കഹോള് പരിശോധന തുടരും
- കോടതിയില് ഹാജരാകുന്നത് മാസത്തില് ഒരു തവണ മതിയാവും

പങ്കെടുക്കുന്നയാൾ കുറഞ്ഞത് രണ്ട് വിക്റ്റിം ഇംപാക്റ്റ് പാനലുകളിൽ ഹാജരാകേണ്ടതുണ്ട്

---

ബെനിറ്റ അവേരി,

ഡി.ഡബ്ല്യൂ.ഐ കോർട്ട് കോർഡിനേറ്റർ

281-633-7205

സ്റ്റാന് പോക്, സൂപ്പർവൈസര്

281-238-3236